# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4878      04.07.2012 -ൽ മറുപടിയ്ക്ക്**

**<u>പള്ളികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച കേസുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ സാജു പോൾ : | ശ്രീ ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) യാക്കോബായ – ഓർത്തഡോക്സ് സഭകൾ തമ്മിൽ നിലനിൽക്കുന്ന തർക്കങ്ങളും പള്ളികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വ്യവഹാരങ്ങളും ഇത് സംബന്ധിച്ച മറ്റു വിഷയങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) തർക്കമുള്ള പള്ളികളും സ്ഥാപനങ്ങളും ഏതൊക്കെയാണ് ; | (ബി) തർക്കമുള്ള പള്ളികളുടെ പേരുവിവരം താഴെ ചേർക്കുന്നു.<br>1 തൃക്കുന്നത്ത് സെഹിയോൺ ചർച്ച്, കുന്നയ്ക്കൽ.<br>2 സെന്റ് ജോർജ്ജ് യാക്കോബൈറ്റ് സിറിയൻ ചർച്ച്, കുന്നയ്ക്കൽ.<br>3 സെന്റ് ജോർജ്ജ് യാക്കോബൈറ്റ് സിറിയൻ ചർച്ച് മുടവൂർ.<br>4 അരമന ചർച്ച്, മൂവാറ്റുപുഴ.<br>5 സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, പോത്താനിക്കാട്.<br>6 സെന്റ് ജോൺസ് യാക്കോബൈറ്റ് ചർച്ച്, ഞാറയ്ക്കാട്.<br>7 സെന്റ് പീറ്റേഴ്സ്, സെന്റ് പോൾസ് ചർച്ച്, പുത്തൻകരിശ്.<br>8 തൃക്കുന്നത്ത് സെമിനാരി, ആലുവ<br>9 സെന്റ് മേരീസ് യാക്കോബൈറ്റ് ചർച്ച്, ഓടക്കാലി.<br>10 സെന്റ് മേരീസ് ചർച്ച് , പിറവം.<br>11 സെഹിയോൺ ചർച്ച്, ഓണക്കൂർ. പിറവം.<br>12 സെന്റ് തോമസ് ചർച്ച് ,നെച്ചൂർ ,പിറവം<br>13 മാർ യോഹന്നാസ് എഹിദിയാ ചർച്ച്, മുളക്കുളം<br>14 മേരിഗിരി ചർച്ച് അഞ്ചൂർ ,കൂത്താട്ടുകുളം<br>15 സെന്റ് ജോർജ്ജ് ചർച്ച്, മന്നത്തൂർ, കൂത്താട്ടുകുളം.<br>16 സെന്റ് ജോൺസ് ചർച്ച്, വടകര, കൂത്താട്ടുകുളം |

| | | | |
|---|---|---|---|
| | | | 17 ബഥേൽ സുലോക്ക ചർച്ച് പെരുമ്പാവൂർ<br>18 സെന്റ് പീറ്റേഴ്സ്, സെന്റ് പോൾസ് ചർച്ച്, കോലഞ്ചേരി<br>19 സെന്റ് ജോൺസ് ചർച്ച് കണ്യാട്ടിരുപ്പ്<br>20 സെന്റ് മേരീസ് ചർച്ച് പഴന്തോട്ടം.<br>21 സെന്റ് ജോർജ്ജ് ചർച്ച് കടമറ്റം<br>22 സെന്റ് പീറ്റേഴ്സ്, സെന്റ് പോൾസ് ചർച്ച് കറിഞ്ഞി.<br>23 സെന്റ് ജോർജ്ജ് ചർച്ച് കോട്ടൂർ.<br>24 സെന്റ് ജോർജ്ജ് ചർച്ച് വരിക്കോലി<br>25 സെന്റ് മൈക്കിൾസ് ചർച്ച്, മാമലശ്ശേരി<br>26 സെന്റ് മേരീസ് ചർച്ച്, വെട്ടിത്തറ<br>27 താബോർ ചർച്ച്, ഈരമന<br>28 സെന്റ് ജോർജ്ജ് ചർച്ച്, പാങ്കോട്.<br>29 സെന്റ് മേരീസ് ചർച്ച് ,ആട്ടിൻകുന്ന്.<br>30 സെന്റ് ജോർജ്ജ് ചർച്ച്, മീച്ചാനിക്കാട്<br>31 സെന്റ് തോമസ് ചർച്ച്, മുളന്തുരുത്തി<br>32 ഇഗ്നേഷ്യസ് ചർച്ച്, കാഞ്ഞിരമറ്റം |
| സി) | ഇരുസഭകളും തമ്മിലുള്ള പ്രശ്നങ്ങൾ തീർക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (സി) | ക്രൈസ്തവ സഭകൾ തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിലേക്കായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരും ഉന്നത പോലീസ് ഉദ്യോഗസ്ഥരും മന്ത്രിമാരും നിയമസഭാ സാമാജികർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളും ഇരുവിഭാഗങ്ങളുടെയും പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. കോടതി വിധികൾക്ക് വിധേയമായി ഇരുവിഭാഗങ്ങളും തമ്മിലുള്ള ഒത്തു തീർപ്പിന്റെ അടിസ്ഥാനത്തിൽ ആരാധനാ സമയ ക്രമീകരണങ്ങളും മറ്റും നടത്തി ക്രമസമാധാന പാലനത്തിന് വേണ്ടി നടപടികൾ സ്വീകരിക്കാറുണ്ട്. ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനായി തർക്കം നിലവിലുള്ള പള്ളികളിൽ പോലീസ് അതീവ ജാഗ്രത പുലർത്തി വരുന്നു. |
| ഡി) | സർക്കാർ നിയോഗിച്ച മന്ത്രിസഭാ ഉപസമിതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | (ഡി) | ബന്ധപ്പെട്ടവരുമായി ചർച്ച നടന്നുവരുന്നു. |
| ഇ) | മന്ത്രിമാരോ ഉന്നത ഉദ്യോഗസ്ഥരോ തർക്ക പരിഹാരത്തിനായി വച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിവിധ പ്രശ്നങ്ങളിൽ ഇരുവിഭാഗങ്ങൾക്കും നൽകിയിട്ടുള്ള ഉറപ്പുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ ; | (ഇ) | കോടതി വിധികൾ അംഗീകരിക്കുന്നതിനും വീതക്രമം അനുസരിച്ച് ഇരുവിഭാഗങ്ങളും ആരാധന നടത്തുന്നതിനും ചർച്ചകളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| എഫ്) ഈ സർക്കാർ അധികാരമേറ്റ ശേഷം സഭാതർക്കവുമായി ബന്ധപ്പെട്ട് എവിടെയെല്ലാമാണ് സംഘർഷങ്ങൾ ഉണ്ടായത് ; പരിക്കുപറ്റിയവർ ആരെല്ലാം ; എത്ര കേസുകൾ ഏതെല്ലാം വകുപ്പ് പ്രകാരം ആരുടെയെല്ലാം പേരിൽ രജിസ്റ്റർ ചെയ്തു എന്നും തുടർ നടപടികൾ എടുത്തു എന്നും വ്യക്തമാക്കുമോ ; | (എഫ്) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| ജി) വിശ്വാസികൾക്കും പുരോഹിതർക്കുമെതിരെ നടന്ന ആക്രമണങ്ങൾക്കെതിരെയും വീഴ്ചവരുത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കുമോ ; | (ജി) സഭാതർക്കവുമായി ബന്ധപ്പെട്ട് ഉണ്ടായ ആക്രമണങ്ങൾക്കെതിരെ പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർ വീഴ്ചവരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| എച്ച്) നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം അനുവദിക്കുമോ ; | (എച്ച്) ഇപ്പോൾ പരിഗണനയിലില്ല. |
| ഐ) വിവിധ പള്ളികളിലെ തർക്കങ്ങൾ തീർക്കുവാൻ ജനപ്രതിനിധികളെയും ഇതര സമുദായ നേതാക്കളെയും ഉൾപ്പെടുത്തി അനുരഞ്ജന സമിതികളെ ചുമതലപ്പെടുത്തുമോ ? | (ഐ) തർക്കത്തിന്റെ സ്വഭാവം പരിഗണിച്ച് ആയത് പരിഹരിക്കുന്നതിനായി അനുരഞ്ജന സമിതികളെ ചുമതലപ്പെടുത്തേണ്ടതുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**